പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 327 09.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി വിജിലൻസ് റിപ്പോർട്ടിന്മേൽ നടപടി

ചോദ്യം

ശ്രീ. സി. മമ്മുട്ടി :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ ജോലി ചെയ്യാതെ ശമ്പളം വാങ്ങുന്ന ജീവനക്കാരെ സംബന്ധിച്ച് കെ.എസ്. ആർ.ടി.സി യിലെ വിജിലൻസ് വിഭാഗം പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ജോലി ചെയ്യാതെ ശമ്പളം വാങ്ങുന്ന ജീവനക്കാരാരും തന്നെയില്ല. എന്നാൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പിൻബലത്തിൽ വാർഷിക ഇൻക്രിമെന്റിന്റെ തീയതി മാറാതെ സംരക്ഷിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കുന്നതിനായി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നു നിർദ്ദേശിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. കെ.എസ്.ആർ.ടി.സി. യിലെ മുൻ വിജിലൻസ് ഓഫീസർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടായിരുന്നു. ടി റിപ്പോർട്ട് പ്രകാരം പ്രതിമാസം 15 ഡ്യൂട്ടിയിൽ കുറവായി ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം 4486 എന്നതായി രേഖപ്പെടുത്തിയിരുന്നു. ഇതിൽ കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്, മിനിസ്റ്റീരിയൽ, ഗാർഡ് എന്നീ വിഭാഗങ്ങളിലായി യഥാക്രമം 2260, 1759, 293, 82, 92 എന്നീ എണ്ണം ജീവനക്കാർ ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട് ഈ റിപ്പോർട്ട് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മുഴുവൻ യൂണിറ്റുകളിലെയും വിവരങ്ങൾ ശേഖരിക്കാതെയും ലഭിച്ച |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ തെറ്റായി പരിഗണിയ്ക്കപ്പെടുകയും ചെയ്തതു നിമിത്തമാണ് ഇത്തരത്തിൽ ഒരു വാർത്തയ്ക്ക് ഇടയായതെന്ന് ഇതു സംബന്ധിച്ച പുനരന്വേഷണത്തിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ നിലവിലെ വിജിലൻസ് ഓഫീസർ വ്യക്തമാക്കിയിട്ടുള്ളതാണ്. (വിവിധ യൂണിറ്റുകളിൽ മേൽ സൂചിപ്പിച്ച തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ ചിലർ ചില പ്രത്യേക കാലഘട്ടത്തിൽ മാത്രം ഒന്നോ രണ്ടോ മാസം ചികിത്സാ സംബന്ധമായോ മറ്റ് കാരണങ്ങളാലോ 15 ഡ്യൂട്ടിയിൽ കുറവ് ഹാജർ ഉള്ളവരായി കണ്ടെത്തിയ വസ്തുത ശരാശരിയായി വ്യാഖ്യാനിയ്ക്കപ്പെട്ടതാണ് ഈ പിഴവ് വന്നു കൂടാനുണ്ടായ കാരണം) |
| (ബി) | ഇവർക്കെതിരെ കെ.എസ്.ആർ. ടി.സി മാനേജ്മെന്റ് എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) യും (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി.യെ കബളിപ്പിച്ചിട്ടുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. കണ്ടെത്തിയാൽ നിയമാനുസൃതമായ ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി യിലെ ഇത്തരം നിയമവിരുദ്ധ നടപടികൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | | |
| (ഡി) | ഇല്ലെങ്കിൽ ഇത്തരക്കാരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്ന മാനേജ്മെന്റിലെ ഉന്നതർക്കെതിരെ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ